ഉത്തരം

(എ) ജില്ലാകളക്ടറുടെയും ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെയും മേൽനോട്ടത്തിലുള്ള കമ്മിറ്റികളുടെ സഹകരണത്തോടെ ഓരോ ജില്ലയിലും വിവിധ സ്റ്റേജുകളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) 10,500 രൂപ നൽകി

(സി) മാനവീയം പരിപാടികളുടെ ടി.വി. പ്രേക്ഷേപണാവകാശം ആർക്കും നൽകിയിട്ടില്ല.

മാനവീയം പരിപാടികൊണ്ടുണ്ടായ നേട്ടങ്ങൾ

94 (1202) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയം പരിപാടികൾ മുഖേന സംസ്ഥാനത്തെ കലാസാംസ്ക്കാരിക രംഗത്തിന് എന്തെല്ലാം നേട്ടം കൈവരിക്കാൻ കഴിഞ്ഞു ;

(ബി) മറ്റു രംഗങ്ങളിൽ എന്തെല്ലാം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ സംഗീതം, കല തുടങ്ങിയ വിവിധ മേഖലകളിൽ കാര്യമായ ചലനം സൃഷ്ടിക്കുവാൻ മാനവീയം പരിപാടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും ഉഷാറായ പ്രവർത്തനത്തിന് ഗതിവേഗം കൂട്ടുവാൻ മാനവീയം പരിപാടികൾക്ക് കഴിഞ്ഞു.

സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനങ്ങൾ

95 (1210) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാക്ഷരതാ പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സാക്ഷരതാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സാക്ഷരതാ പ്രവർത്തനങ്ങളിൽ റസിഡന്റ് അസോസിയേഷനുകളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. തുടർവിദ്യാകേന്ദ്രങ്ങൾ വഴിയും വികസന വിദ്യാകേന്ദ്രങ്ങൾ വഴിയും സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവശേഷിച്ച നിരക്ഷരരെ കണ്ടെത്തി സാക്ഷരതാ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ നവസാക്ഷരതയും സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെപോയവർക്കും പ്രത്യേക പാഠ്യപദ്ധതിയിലൂടെ നാലാം ക്ലാസ്സിനു തുല്യമായ വിദ്യാഭ്യാസ യോഗ്യത നേടുന്നതിന് സഹായകരമായ തുല്യതാ പരിപാടിയും സാക്ഷരതാമിഷൻ ആരംഭിച്ചിട്ടുണ്ട്.

(ബി,സി&ഡി) സാക്ഷരതാ പ്രവർത്തനങ്ങൾ നിറുത്തിവച്ചിട്ടില്ല.

(ഇ) നിരക്ഷരരെ കണ്ടെത്താനുള്ള സർവ്വേ പൂർത്തിയാക്കിക്കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിൽ 'അക്ഷരശ്രീ' എന്ന ഒരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. അതിന് അനുമതി ലഭിച്ചുകഴിഞ്ഞാൽ സാക്ഷരതാപ്രസ്ഥാനം വ്യാപകമായി പുനരാരംഭിക്കും.

(എഫ്&ജി) ഈ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

എൽ.ബി.എസ്.സെന്ററിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

96 (1213) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്. സെന്റർ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നു ? എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിന്റെ ഭരണം ആരിൽ നിക്ഷിപ്തം ആയിരിക്കുന്നുവെന്നും അതിന്റെ ഘടന എന്താണെന്നും വ്യക്തമാക്കുമോ? ഭരണസമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ സ്ഥാപനത്തിൽ എത്ര ഉദ്യോഗസ്ഥർ സ്ഥിരം/താല്ക്കാലികം എന്ന രീതിയിൽ ഏതെല്ലാം തസ്തികയിൻമേൽ ജോലി ചെയ്യുന്നു ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സ്ഥാപനങ്ങളിൽ എത്ര പേരെ പുതുതായി നിയമിച്ചു ; അവരുടെ പേരും വിലാസവും തസ്തികയും വിദ്യാഭ്യാസ യോഗ്യതയും വെളിപ്പെടുത്തുമോ;

(ഇ) ഇവരെ ആര്, എന്തുമാനദണ്ഡത്തിൽ നിയമിച്ചുവെന്ന് വിശദമാക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിലെ നിയമനം ഏത് ഏജൻസി വഴിയാണ് നടത്തുന്നത് ; വിശദമാക്കാമോ ;

(ജി) പ്രസ്തുത സ്ഥാപനത്തിൽ സംവരണതത്വം പാലിക്കാറുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly